## മധുരമായ കുട്ടികളേ - നിങ്ങൾക്ക് അങ്ങനെയുള്ള ബാബയെയാണ് ലഭിച്ചിരിക്കുന്നത്- അച്ഛനും, ടീച്ചറും, സത്ഗുരുവും മൂന്നും ഒന്നാണ്. അതിനാൽ ഇപ്പോൾ അലച്ചിൽ ഉപേക്ഷിച്ച് സത്യ സത്യമായ സമ്പാദ്യത്തിൽ മുഴുകൂ.

**ചോദ്യം:-** പുതിയ ലോകത്തിൽ രാജ്യം ഭരിക്കുന്നതിന് എങ്ങനെയുള്ളവരാണ് യോഗ്യരാകുന്നത്?
**ഉത്തരം:-** ഇപ്പോൾ സർവ്വശക്തിവാനായ ബാബയിൽ നിന്നും സർവ്വശക്തികൾ പ്രാപ്തമാക്കുന്നവർ. കുട്ടികളാകുന്ന നിങ്ങൾ ആത്മീയ സൈനികരാണ്. ബാബയുടെ നിർദ്ദേശമനുസരിച്ച് തന്റെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ബാബ നിങ്ങൾക്ക് ശ്രീമതം നല്കുന്നു- യോഗബലത്തിലൂടെ നിങ്ങൾ വിജയം പ്രാപ്തമാക്കൂ.

**ചോദ്യം:-** ഏത് കുട്ടികളുടെ ഓരോ ചുവടിലുമാണ് സമ്പാദ്യം ഉണ്ടാകുന്നത്?
**ഉത്തരം:-** ആരാണൊ ഓരോ കർമ്മവും ശ്രീമതമനുസരിച്ച് ചെയ്യുന്നത് അവരുടെ ഓരോ ചുവടിലും സമ്പാദ്യം തന്നെ സമ്പാദ്യമാണ്. ഓർമ്മയിലിരിക്കുന്നതും സമ്പാദ്യമാണ്, സേവനം ചെയ്യുന്നതും സമ്പാദ്യമാണ്, യജ്ഞ സേവനം ചെയ്യുന്നതും സമ്പാദ്യമാണ്.

**ഗീതം:-** ഓം നമഃശിവായ....

**ഓം ശാന്തി**. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങൾക്ക് മനസ്സിലായി ഒന്നുണ്ട് ലൗകിക അച്ഛൻ, രണ്ടാമത്തേത് പാരലൗകീക അച്ഛൻ. എപ്പോഴെങ്കിലും ദുഃഖം വരുമ്പോൾ പാരലൗകിക മാതാപിതാവിനെയാണ് ഓർമ്മിക്കുന്നത്. ചിലർ കേവലം പരമാത്മാവിനെ ഓർമ്മിക്കുന്നു, ചിലർ പറയുന്നു- അങ്ങാണ് മാതാ പിതാവെന്ന്.... മാതാവിനെ ഓർത്താലും ഓർത്തില്ലെങ്കിലും, ഗോഡ്ഫാദർ എന്നു പറയുമ്പോൾ തീർച്ചയായും മാതാവുമുണ്ട്. മാതാവില്ലാതെ കുട്ടിക്ക് ജന്മമെടുക്കാൻ സാധിക്കുകയില്ല. അതിനാൽ പാർലൗകിക മാതാപിതാവിനെയാണ് ഓർമ്മിക്കുന്നത്. അപ്പോൾ തീർച്ചയായും സുഖം നല്കിയിട്ടുണ്ട്. ഓർമ്മ വരുന്നുണ്ട്- ഭാരതം സുഖധാം ആയിരുന്നു, സ്വർഗ്ഗമായിരുന്നു. ലൗകിക മാതാപിതാവിൽ നിന്നും ദുഃഖമാണ് ലഭിക്കുന്നത്, അതിനാലാണ് പാർലൗകികത്തെ ഓർമ്മിക്കുന്നത് കാരണം അതിലൂടെ സുഖം ലഭിക്കുന്നു. നരകത്തിലായത് കൊണ്ടാണ് വീണ്ടും സ്വർഗ്ഗത്തിലേക്ക് പോയി സുഖം അനുഭവിക്കുന്നതിന് വേണ്ടി ഓർമ്മിക്കുന്നത്. ഗുരുക്കൻമാർ പറയുന്നത്- ജപം, തപസ്സ്, ഭക്തി ചെയ്യൂ എന്നാണ്. ബാബ അങ്ങനെയുള്ള നിർദ്ദേശങ്ങളൊന്നും നല്കുന്നില്ല. ലൗകിക അച്ഛൻ പറയുന്നത്- പഠിക്കുന്നതിന് ടീച്ചറിന്റെ അടുത്തേയ്ക്ക് പോകു എന്നാണ്, പിന്നെ വാനപ്രസ്ഥ അവസ്ഥയാകുമ്പോൾ പറയും- ഗുരുവിന്റെ അടുത്ത് പോകൂവെന്ന്. ബാബ നിങ്ങളോട് അങ്ങനെയൊന്നും പറയുന്നില്ല. നോക്കൂ- ലൗകികവും പാരലൗകികവും തമ്മിൽ എത്ര വ്യത്യാസമുണ്ട്. അവർ എത്ര അലയിക്കുന്നു, ബാബ പറയുന്നു- ഞാൻ നിങ്ങളുടെ അച്ഛനും, ടീച്ചറും ഗുരുവും കൂടിയാണ്, അപ്പോൾ എനിക്ക് എങ്ങനെ നിങ്ങളെ അലയിപ്പിക്കാൻ സാധിക്കും? ഇവിടെ മൂന്നും ഒന്നാണ്, അതിനാൽ ബാബയെ സർവ്വരും ഓർമ്മിക്കുന്നു. മനുഷ്യർ ഭക്തി മാർഗ്ഗത്തിൽ വളരെ കഷ്ടപ്പാടനുഭവിക്കുന്നു. ജ്ഞാന മാർഗ്ഗത്തിൽ കഷ്ടപ്പാടിന്റെ കാര്യമേയില്ല. ഇത് ഭക്തിയുടെയും ജ്ഞാനത്തിന്റെയും, സുഖത്തിന്റെയും ദുഃഖത്തിന്റെയും കളിയാണ്. ഇത് ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. പരിധിയുള്ള ടീച്ചർ പരിധിയുള്ള പഠിത്തമാണ് പഠിപ്പിക്കുന്നത്. ഞാൻ പരിധിയില്ലാത്ത ടീച്ചർ നിങ്ങളെ പരിധിയില്ലാത്ത പഠിത്തമാണ് പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാം ഇതാണ് മൃത്യുലോകം. അവർ പഠിപ്പിക്കുന്ന പഠിത്തം പഴയ ലോകത്തേയ്ക്ക് വേണ്ടിയുള്ളതാണ്, നമ്മൾ പഠിക്കുന്നത് പുതിയ ലോകത്തേയ്ക്കുള്ളതാണ്. ഈ ലോകം ഓരോ ദിവസം പോകുന്തോറും പഴയതായി കൊണ്ടിരിക്കുന്നു, ഇവിടെ നിങ്ങൾക്ക് ഒരിക്കലും സുഖം ലഭിക്കുകയില്ല. സുഖ ദുഃഖത്തിന്റെ കളി എങ്ങനെയാണ് അടങ്ങിയിട്ടുള്ളത് എന്ന് ബാബ തന്നെ നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു. ബാബ ആത്മാക്കളോട് സംസാരിക്കുന്നു- കുട്ടികളെ നിങ്ങൾ സുഖത്തിലായിരുന്നു, പിന്നെ രാവണൻ പ്രവേശിച്ചതിലൂടെ പതുക്കെ പതുക്കെ ദുഃഖം ആരംഭിച്ചു. വണ്ടും കല്പത്തിന്റെ സംഗമത്തിൽ വന്ന് നിങ്ങളെ ഞാൻ സുഖത്തിലേക്ക് കൊണ്ടു പോകുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നു, അതിനാൽ നിങ്ങൾക്കറിയാം ഈ കാര്യങ്ങളെല്ലാം യഥാർത്ഥമാണ്, ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ബാബ തന്നെ വന്നാണ് കുട്ടികൾക്ക് സുഖം നല്കുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ആത്മാവ് അവിനാശിയാണ്. ഈ ശരീരം മാറണം. പരമാത്മാവ് തന്നെയാണ് പരമമായ ആത്മാവ്, പേര് ശിവൻ എന്നാണ്, സർവ്വ മനുഷ്യരുടെയും രചയിതാവാണ്. ഇവിടെയുള്ളവരെല്ലാം പരിധിയുള്ള രചയിതാവാണ്. ബാബ പരിധിയില്ലാത്ത രചയിതാവാ

ണ്.
സത്യയുഗം മുതൽ കലിയുഗം വരെ നിങ്ങൾക്ക് കിട്ടിയതെല്ലാം പരിധിയുള്ള അച്ഛൻമാരാണ്. സത്യയുഗത്തിൽ നിങ്ങൾക്ക് പ്രാപ്തിയാണ് ലഭിക്കുന്നത്. അവിടെ നിങ്ങൾക്ക് ഒരച്ഛനും ഒരു കുട്ടിയും ലഭിക്കുന്നു. കലിയുഗത്തിൽ ഒരച്ഛന് 8–10 കുട്ടികൾ ഉണ്ടായിരിക്കും. പ്രജാപിതാ ബ്രഹ്മാവിന് നോക്കൂ എത്രയധികം കുട്ടികളാണ്. എന്നാൽ അവർ മുഖവംശാവലികളാണ്, ബി കെ ആയി തീരുന്നു, പിന്നീട് സത്യയുഗത്തിൽ ദേവതയായി തീരും. ആ ലൗകിക അച്ഛൻ, ടീച്ചർ, ഗുരു പരിധിയുള്ള കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. ഈ പാർലൗകിക അച്ഛൻ പരിധിയില്ലാത്ത കാര്യങ്ങൾ കേൾപ്പിക്കുന്നു. പുതിയ കാര്യങ്ങൾ ബാബ കുട്ടികളുടെ മുന്നിൽ തന്നെയാണ് കേൾപ്പിക്കുന്നത്. വീട്ടിലിരുന്ന് കൊണ്ടും നിങ്ങൾ ഈ പുതിയ ശിക്ഷണം പ്രാപ്തമാക്കൂ. ഇത് ഭഗവാന്റെ പാഠശാലയാണ്. ഇതാണ് ശ്രീമത്ത് ഭഗവത് ഗീതാപാഠശാല അഥവാ ജ്ഞാനത്തിന്റെ ഗീതം, ഇത് നിങ്ങൾ മാത്രമാണ് കേൾക്കുന്നത്. ജ്ഞാന സാഗരനായ ബാബ തന്നെയാണ് വന്ന് നിങ്ങളെ ജ്ഞാന ജ്ഞാനേശ്വരിയാക്കുന്നത്. മമ്മയെ പറയുന്നത് ജ്ഞാന ജ്ഞാനേശ്വരിയെന്നാണ്. മനുഷ്യവംശം ആരംഭിക്കുന്നു. ആദ്യം പ്രജാപിതാ ബ്രഹ്മാവ് പിന്നെ ജഗദംബ. ആദ്യമാദ്യം ബ്രാഹ്മണരെ രചിക്കുന്നു, പിന്നെ ദേവത, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. ജഗദംബയ്ക്കും ഉയർന്ന പദവിയുണ്ട്. എന്നാൽ അവരെ കുറിച്ച് ആർക്കും അറിയില്ല. അനവധി ദേവിമാരുടെ ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. വാസ്തവത്തിൽ 8–10 ഭുജങ്ങളുള്ള ഒരു മനുഷ്യനും ഉണ്ടായിരിക്കില്ല. വിഷ്ണുവിന് 4 ഭുജങ്ങൾ കാണിക്കുന്നു, എന്നാൽ 4 കാലുകൾ കാണിക്കുന്നില്ല. ഇതെല്ലാം പാവകളുടെ കളി പോലെയാണ്. കല്ക്കത്തയിൽ വളരെ ദേവിമാരെ ഉണ്ടാക്കുന്നുണ്ട്,വളരെ ചിലവ് ചെയ്യുന്നു. കഴിപ്പിച്ച്, പാലിച്ച് പിന്നെ വെള്ളത്തിൽ മുക്കി കളയുന്നു, ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. നിങ്ങൾക്കറിയാം നാം ദേവിദേവതമാരായിരുന്നു, പിന്നെ അസുരൻമാരായി, വീണ്ടും ബാബ വന്ന് ദേവി ദേവതമാരാക്കി മാറ്റുന്നു. ഇപ്പോൾ ഇത് ഭ്രഷ്ടാചാരി ലോകമാണ്. ഗവൺമെന്റും പറയുന്നുണ്ട്, എന്നാൽ നിങ്ങൾ പതിതരാണോ എന്ന് നേരെ ചോദിച്ചാൽ അത് അംഗീകരിക്കില്ല. നിങ്ങൾ പതിത പാവനനെയാണ് വിളിക്കുന്നത്, സർവ്വരും വിളിക്കുന്നുണ്ട്– രാജാവ്, റാണി, പ്രജകൾ എല്ലാവരും. സന്യാസിമാർ പവിത്രമായി ജീവിക്കുന്നു, ഇതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഭാരതത്തെ പോലെ പവിത്രമായ ദേശം മറ്റൊന്നുമില്ല. അതിനാലാണ് അതിനെ സത്യമായ ദേശം എന്നു പറയുന്നത്, അത് തന്നെ പിന്നീട് അസത്യമായതായി മാറുന്നു. ഭാരതത്തെ പാവനമാക്കുന്നതിന് ബാബ ഭാരതത്തിൽ തന്നെയാണ് വരുന്നത്. ഭാരതത്തിൽ തന്നെയാണ് ശിവന്റെ അവതരണം ഉണ്ടാകുന്നത്. സോമനാഥ ക്ഷേത്രം എത്ര ആർഭാടമായി ഉണ്ടാക്കി. ഭാരതവാസികൾ തന്നെയാണ് ഉണ്ടാക്കിയത്, ആരെയാണൊ ബാബ ഇത്രയും സമ്പന്നമാക്കി മാറ്റിയിരുന്നത്. ബാബ ലോകത്തെ പാവനമാക്കാൻ ഇവിടെ പതിത ലോകത്തിൽ, പതിത ശരീരത്തിലാണ് വരുന്നത്. എന്നാൽ പല കുട്ടികളും മനസ്സിലാക്കുന്നേയില്ല കാരണം സാധാരണമാണ്. പിന്നെ ഭക്തി മാർഗ്ഗത്തിൽ നിങ്ങളുടെയടുത്ത് ധാരാളം പൈസയുണ്ടാകുന്നു അപ്പോൾ രത്നങ്ങളും വജ്രങ്ങളും ഉപയോഗിച്ച് ക്ഷേത്രങ്ങളുണ്ടാക്കുന്നു. സത്യയുഗത്തിൽ അളവറ്റ ധനം ഉണ്ടായിരിക്കും. അവിടെയാരും ധനം എണ്ണാറില്ല, അളവറ്റ ധനം ഉണ്ടായിരിക്കും. അതിനാൽ ബാബ ആരെയാണൊ സമ്പന്നമാക്കുന്നത് അവർ എത്ര വലിയ സ്മാരകമുണ്ടാക്കുന്നു. ആരാണൊ ലക്ഷ്മി നാരായണനായിരുന്നത് അവർ തന്നെ 84 ജന്മങ്ങളെടുക്കുന്നു. ആദ്യം അധഃപതിക്കുന്നതും, ഭക്തരാകുന്നതും അവർ തന്നെയാണ്. അതിനാൽ ആരാണൊ ആക്കിയത് അവരുടെ തന്നെ സ്മാരകമുണ്ടാക്കുന്നു. ലക്ഷ്മി നാരായണൻ വികർമ്മാജീത്ത് ആയി മാറുന്നു, പിന്നെ വികർമ്മിയായി തീരുന്നു. അതിനാൽ അവരുടെ കടമയാണ്, ഇങ്ങനെയാക്കിയത് ആരാണൊ അവരുടെ പൂജ ചെയ്യുക എന്നത്. സോമനാഥ ക്ഷേത്രം എത്ര ഫസ്റ്റ്ക്ളാസായിരുന്നു, അത് കൊള്ളയടിച്ചവർ മരിച്ചു പോയി. ലക്ഷണങ്ങൾ മാത്രം ബാക്കിയുണ്ട്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ വീണ്ടും പൂജനീയരായികൊണ്ടിരിക്കുന്നു, പിന്നീട് പൂജാരിയായി മാറും, വീണ്ടും ക്ഷേത്രങ്ങൾ പണിയാൻ തുടങ്ങും. കേവലം ഒരു ക്ഷേത്രം മാത്രമല്ല ഉണ്ടായിരിക്കുന്നത്. രാജാക്കൻമാർ അവരുടെ വീടുകളിലും ക്ഷേത്രങ്ങൾ പണിയുന്നു, അതേപോലെ വീട്ടിലും ഗുരുദ്വാര ഉണ്ടാക്കുന്നു. ആദ്യം ഗുരുദ്വാര ഉണ്ടാക്കിയതാരായിരിക്കും, പിന്നീട് ഭക്തി മാർഗ്ഗം ആരംഭിക്കുന്നു. ആദ്യം അവ്യഭിചാരി ഭക്തി ചെയ്യുന്നു, പിന്നെ വ്യഭിചാരിയും. ഇന്നത്തെ കാലത്ത് മനുഷ്യൻ സ്വന്തം പൂജ ചെയ്യിക്കുന്നു, അതിനെയാണ് പറയുന്നത് ഭൂത പൂജ. ഭൂത പൂജയും ലോകത്തിൽ നിറയെയുണ്ട്, തോന്നിയപോലെ ചിത്രങ്ങൾ ഉണ്ടാക്കുന്നു. ഭക്തിമാർഗ്ഗമല്ലേ. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും ഉണ്ട്. ബാബ സംഗമത്തിൽ ഒരേയൊരു പ്രാവശ്യം വന്നാണ് ജ്ഞാനം നല്കുന്നത്. ശാസ്ത്രങ്ങളിൽ അനേക അവതാരങ്ങളെ കുറിച്ച് പറയുന്നു. അവതാരം ഒന്നാണ്. ആത്മാവും അവതരിക്കുന്നുണ്ട്, എന്നാൽ മനുഷ്യനെ അവതാരമെന്നു പറയില്ല. എല്ലാവരും വിളിക്കുന്ന ഒരേയൊരു നിരാകാരനായ ബാബയാണ് അവതാരം. അച്ഛൻ ഒന്നല്ലേ ഉണ്ടാകൂ, ആ അച്ഛൻ പരംധാമിൽ വസിക്കുന്നു. അപ്പോൾ തീർച്ചയായും അമ്മയും വേണം. അമ്മയും പരംധാമിലാണൊ വസിക്കുന്നത്? അല്ല. അച്ഛൻ അമ്മ എന്ന ചോദ്യം വരുന്നത് ഇവിടെയാണ്. അച്ഛന് രചിക്കേണ്ടത് ഇവിടെയാണ് അതിനാൽ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം. ബാബാ

വന്ന് സ്വർഗ്ഗം രചിക്കൂ, ബാബയെയാണ് ഹെവൻലി ഗോഡ്ഫാദർ(സ്വർഗ്ഗം സ്ഥാപിക്കുന്നവൻ) എന്നു പറയുന്നത്. ഇപ്പോൾ എത്ര ദുഃഖമാണ്, യുദ്ധവും വഴക്കും നടക്കുന്നു അതിനാൽ വിളിക്കുന്നു- ഓ ഗോഡ്ഫാദർ ദയ കാണിക്കൂ എന്ന്. ഹേ പതിത പാവനാ വരൂ, ഞങ്ങൾ ദുഃഖിതരാണ്, പതിതരാണ്. ഹേ ബാബ വീണ്ടും വന്ന് സ്വർഗ്ഗം, ശ്രേഷ്ഠാചാരിയാക്കൂ. നിങ്ങൾ സർവ്വരും ഭ്രഷ്ടാചാരികളായിരുന്നു, ഇപ്പോൾ ശ്രേഷ്ഠാചാരികളായികൊണ്ടിരിക്കുന്നു. ഭ്രഷ്ടാചാരിയെ ശ്രേഷ്ഠാചാരിയാക്കുക എന്നത് ഒരേയൊരു ബാബയുടെ തന്നെ കർത്തവ്യമാണ്. മുഴുവൻ വിശ്വത്തിന്റെ അച്ഛനായ ബാബയ്ക്കറിയാം സർവ്വ കുട്ടികളും ഈ സമയത്ത് അനാഥരായി തീർന്നു എന്ന്. അവരെ സനാഥരാക്കി മാറ്റണം, ശ്രേഷ്ഠാചാരിയാക്കണം. 10-20 മനുഷ്യരെ മാത്രമല്ല ശ്രേഷ്ഠാചാരിയാക്കുന്നത്, ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, ദേവതാ ഗവൺമെന്റ് ആയിരുന്നു. ഇപ്പോൾ രാവണ രാജ്യമാണ് അതിനാൽ 5 വികാരങ്ങൾ പ്രവേശിച്ചു. ഭഗവാന്റെ വാക്കുകളാണ്- ഒരേയൊരു നിരാകാരനെ തന്നെയാണ് ഭഗവാൻ എന്നു പറയുന്നത്. ഒരേയൊരു ഗീതയെ ഖണ്ഡിച്ചതിലൂടെ സർവ്വ ശാസ്ത്രങ്ങളും ഖണ്ഡിക്കപ്പെട്ടു. ബാബ പറയുന്നു- ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിച്ചിരുന്നു, ഭാരതം സ്വർഗ്ഗമായി മാറിയിരുന്നു. ഞാനാണ് ഗീത കേൾപ്പിച്ചത്. കൃഷ്ണനെ മുഴുവൻ ലോകത്തിന്റെയും ഭഗവാനെന്നു പറയാൻ സാധിക്കില്ല. നമ്മൾ ആത്മാക്കളുടെ അച്ഛൻ നിരാകാരനായ ഭഗവാനാണ്. ബാക്കി ഗീതയുടെ ഭഗവാൻ കൃഷ്ണനാണെന്ന് എങ്ങനെ പറഞ്ഞു. വ്യാസനാണ് എഴുതിയതെന്ന് പറയുന്നു. എന്നാൽ ബാബ പറയുന്നു പുതിയ വിശ്വത്തിന്റെ രചയിതാവ്, ജ്ഞാനസാഗരൻ , പതിത പാവനൻ ഞാനാണ്. എന്നെ തന്നെയാണ് സർവ്വാത്മാക്കളും വിളിക്കുന്നത്- ഹേ പതിത പാവനനായ പരമാത്മാ വരൂ, വന്ന് എന്നെ പാവനമാക്കൂ എന്ന്. നിരാകാരനായ ബാബ തന്നെയാണ് ബ്രഹ്മാവിലൂടെ പാവന ലോകത്തിന്റെ സ്ഥാപന, പതിത ലോകത്തിന്റെ വിനാശം ചെയ്യിക്കുന്നത്. പിന്നെ ആരാണൊ പവിത്രമാകുന്നത്, അവർ തന്നെ രാജ്യ ഭാഗ്യം എടുക്കുന്നു.നിങ്ങളാണ് ശിവ ശക്തി സൈന്യം, ജഗദംബ നിമിത്തമായി. അവരും ശിവബാബയുമായി യോഗം വെച്ച് രാവണന്റെ മേൽ വിജയം നേടുന്നതിന് ശക്തി എടുത്തു കൊണ്ടിരിക്കുന്നു. ഭാരതത്തിൽ തന്നെയാണ് രാവണ രാജ്യം ഉള്ളത്, ഭാരതത്തിൽ തന്നെ രാവണനെ കത്തിക്കുന്നു. ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, ഇവിടെ കലിയുഗത്തിൽ ഭാരതം ഭ്രഷ്ടാചാരിയാണ്. ഇതാണ് കളി. ഭ്രഷ്ടാചാരിയിൽ നിന്നും ശ്രേഷ്ഠാചാരി, ശ്രേഷ്ഠാചാരിയിൽ നിന്നും ഭ്രഷ്ടാചാരി. ഈ ചക്രം കറങ്ങുന്നത് എങ്ങനെയെന്ന് മനസ്സിലാക്കേണ്ട കാര്യമാണ്.

നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ സർവ്വതും ചെയ്തു കൊണ്ടും ബാബയുടെ ശ്രീമതമനുസരിച്ച് ഭാരതത്തെ സ്വർഗ്ഗമാക്കി കൊണ്ടിരിക്കുന്നു. നിങ്ങളാണ് യോഗബലമുള്ള ആത്മീയ സൈനികർ. സർവ്വശക്തിവാനായ ബാബയുടെ നിർദ്ദേശമനുസരിച്ച് തന്റെ രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. ബാബ നിർദ്ദേശം നല്കുന്നു- യോഗബലത്തിലൂടെ നിങ്ങൾക്ക് വിജയം നേടാൻ സാധിക്കും.യോഗത്തിലിരിക്കുക എന്നതും സമ്പാദ്യമാണ്. യജ്ഞ സേവനം ചെയ്യുക, ഇതും സമ്പാദ്യമാണ്. മറ്റുള്ളവരെല്ലാം മനുഷ്യരുടെ നിർദ്ദേശമനുസരിച്ചാണ് നടക്കുന്നത്. നിങ്ങൾ സർവ്വശക്തിവാന്റെ മതത്തിലാണ്. മറ്റാർക്കും വിശ്വത്തിന്റെ മേൽ വിജയം നേടാൻ സാധിക്കില്ല. ഡ്രാമയിൽ അവർക്ക് വിശ്വത്തിൽ രാജ്യം ഭരിക്കുന്ന പാർട്ടേയില്ല. എത്ര വലുതിലും വെച്ച് വലിയതും, സാധാരണവുമായ കാര്യങ്ങളാണ്. പ്രദർശനിയിലൂടെ ഇതു വരെ ഇത്രയും മനസ്സിലാക്കുന്നേയില്ല എന്നാലും പ്രജകൾ ഉണ്ടായികൊണ്ടിരിക്കുന്നു.ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓരോ കർമ്മവും ശ്രീമതമനുസരിച്ച് ചെയ്യണം. ഓർമ്മയിലിരുന്ന് യജ്ഞ സേവനം ചെയ്ത് തന്റെ സമ്പാദ്യം ഉണ്ടാക്കണം.

2) അലയുന്നത് ഉപേക്ഷിച്ച് ഭാവിയിലെ പുതിയ ലോകത്തേയ്ക്ക് വേണ്ടി പഠിത്തം പഠിക്കണം. ജ്ഞാനത്തെ ധാരണ ചെയ്ത് ജ്ഞാന ജ്ഞാനേശ്വരിയും, ജ്ഞാന ജ്ഞാനേശ്വരനുമാകണം.

## വരദാനം:- അമൃതവേളയിൽ തന്റെ മസ്തകത്തിൽ വിജയത്തിന്റെ തിലകം അണിയുന്ന സ്വരാജ്യ അധികാരിയും വിശ്വരാജ്യ അധികാരിയുമായി ഭവിക്കൂ

ദിവസവും അമൃതവേളയിൽ തന്റെ മസ്തകത്തിൽ വിജയത്തിന്റെ തിലകം അർത്ഥം സ്മൃതിയുടെ തിലകം അണിയൂ. ഭക്തിയുടെ അടയാളമാണ് തിലകം അതുപോലെ സുമംഗലിയുടെ അടയാളവും തിലകമാണ്, രാജ്യം പ്രാപ്തമാക്കുന്നതിന്റെ അടയാളവും തിലകമാണ്. എപ്പോൾ ഏതെങ്കിലും ശുഭ കാര്യത്തിൽ സഫലത നേടുന്നതിന് വേണ്ടി പോകുമ്പോഴും പോകുന്നതിന് മുൻപേ തിലകം ചാർത്തുന്നു. താങ്കൾ എല്ലാവരും ബാബയോടൊപ്പമുള്ള സുമംഗലികളാണ് അതുകൊണ്ട് അവിനാശീ തിലകവുമുണ്ട്. ഇപ്പോൾ സ്വരാജ്യത്തിന്റെ തിലകധാരിയാകൂ എങ്കിൽ ഭാവിയിൽ വിശ്വരാജ്യത്തിന്റെ തിലകം ലഭിക്കും.

## സ്ലോഗൻ:- ജ്ഞാനം, ഗുണം, ശക്തികളുടെ ദാനം ചെയ്യുന്നത് തന്നെയാണ് മഹത്തരമായ ദാനം.

**അമൂല്യ ജ്ഞാന രത്നം (ദാദിമാരുടെ പഴയകാല ഡയറിയിൽ നിന്ന്)**

എപ്പോഴാണോ ഏതെങ്കിലും ദൈവീക വത്സൻ മനസ്സിലാക്കുന്നത് ഞാൻ ശരീരം, മനസ്സ്, ധന സഹിതം യജ്ഞത്തിൽ സ്വാഹ അർത്ഥം സമർപ്പിതമായിരിക്കുകയാണ് ആ സമയം സമർപ്പണമായ വത്സരിൽ എന്റേതെന്ന ഒന്നും തന്നെ ഉണ്ടായിരിക്കില്ല. എല്ലാം യജ്ഞത്തിന്റെ സേവനത്തിനായി വരുന്നു. അതിൽ തന്നെ ശരീരവും മനസ്സും ഏതൊന്നാണോ സമീപത്തുള്ളത്, ധനം പിന്നീട് വ്യത്യസ്തമാണ്. ഈ ശരീരവും മനസ്സും യജ്ഞത്തിന്റെ സേവനത്തിൽ ഉപയോഗിക്കുന്നത് തന്നെയാണ് ശുദ്ധമായ സേവനം. അഥവാ പറയുന്നുണ്ട് ശരീരം, മനസ്സ്, ധനം യജ്ഞത്തിൽ അർത്ഥം ഈശ്വരനുള്ളതാണ്, എങ്കിൽ പിന്നീട് തനിക്ക് വേണ്ടി ഒന്നും തന്നെ വയ്ക്കാൻ സാധിക്കില്ല മനസ്സിന് മായയുടെ മറ്റ് അശുദ്ധ സങ്കൽപങ്ങളിലേക്ക് ഓടാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ ഈശ്വരന് സമർപ്പിച്ചു എങ്കിൽ ഈശ്വരൻ ശുദ്ധമാണ്, ശാന്തമാണ്. അപ്പോൾ ആ മനസ്സാകുന്ന കുതിരയെയും ഒരശുദ്ധ സങ്കൽപങ്ങളിലേക്കും ഓടിക്കാതെ തന്റെ നിയന്ത്രണത്തിൽ നിർത്തുന്നു. അഥവാ മായയുടെ കൈയ്യിൽ കൊടുക്കുകയാണെങ്കിൽ മായ വൈവിധ്യമായതു കാരണം ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള ലഹരി വരുത്തുന്നു. പിന്നീട് അനേക പ്രകാരങ്ങളിലുള്ള വികൽപങ്ങൾ വന്ന് മനസ്സിൽ കയറുന്നു. അതുകൊണ്ട് ഇതിനെ മനസ്സിലാക്കണം എന്താ, ഇപ്പോഴും എന്നിൽ എന്തെങ്കിലും എന്റേത് അവശേഷിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ യജ്ഞത്തെ പ്രതി സമർപ്പിതമായിട്ടുണ്ടെങ്കിൽ പിന്നീട് പവിത്രമായി. പിന്നീട് യജ്ഞത്തിന്റെ സേവനമല്ലാതെ മറ്റൊന്നിലും മനസ്സ് പ്രവർത്തിക്കരുത് അതുകൊണ്ട് ഈ അതി ഗുഹ്യവും സൂക്ഷ്മവുമായ രഹസ്യത്തെ മനസ്സിലാക്കി തന്റെ മേൽ വളരെയധികം ശ്രദ്ധ വച്ച് ജാഗ്രതയോടെ പോകണം. ശരി - ഓം ശാന്തി.